"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകുപ്പ്- നഗരകാര്യം- കൊല്ലം കോർപ്പറേഷൻ- ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്- II - അധിക തസ്തിക സൃഷ്ടിച്ച്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ(ഇയു) വകുപ്പ്

സ.ഉ.(കൈ) നം.189/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 18/12/2020

പരാമർശം:- 1 നഗരകാര്യ ഡയറക്ടറുടെ 13.08.2020 തിയതിയിലെ ഇ6-14544/19 നമ്പർ കത്ത്.

<u>ഉത്തരവ്</u>

കൊല്ലം കോർപ്പറേഷനോട് തൃക്കടവൂർ ഗ്രാമപഞ്ചായത്ത്, കേരളാ സസ്റ്റെയിനബിൾ അർബൻ ഡെവലപ്മെന്റ് പ്രോജക്റ്റ്(കെ.എസ്.യു.ഡി.പി.), കൊല്ലം വികസന അതോറിറ്റി എന്നീ സ്ഥാപനങ്ങൾ കൂട്ടിച്ചേർത്തിരുന്നുവെങ്കിലും ഒരു അധിക തസ്തിക പോലും അനുവദിച്ചു നൽകിയിട്ടില്ലായെന്നും, ജീവനക്കാരുടെ കുറവ് മൂലം പൊതുജനങ്ങൾക്ക് നൽകേണ്ട സേവനങ്ങൾ യഥാസമയം നൽകാനും നികുതി,നികുതിയേതര വരുമാനങ്ങൾ യഥാസമയം പിരിച്ചെടുക്കാനും സാധിക്കാതെ വരുന്നുണ്ടെന്നും ആയത് കോർപ്പറേഷന്റെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുന്നതായും, മുൻപ് നഗരസഭ നിർവ്വഹിച്ചുകൊണ്ടിരുന്ന ചുമതലകൾക്ക് പുറമേ കേന്ദ്രസംസ്ഥാന സർക്കാരുകൾ നഗരസഭകളിലൂടെ നടപ്പാക്കി വരുന്ന പുതിയ പദ്ധതികൾ കൂടി നിലവിലെ പരിമിതമായ എണ്ണം ജീവനക്കാരെക്കൊണ്ടാണ് ചെയ്തുവരുന്നതെന്നും ആയതിനാൽ അധികതസ്തികകളുടെ സാമ്പത്തികബാധ്യത കോർപ്പറേഷൻ ഏറ്റെടുത്തുകൊള്ളാമെന്ന വ്യവസ്ഥയിൽ വിവിധ വിഭാഗങ്ങളിലായി 201 പുതിയ തസ്തികകൾ അനുവദിക്കണമെന്ന് പരാമർശം കത്ത് പ്രകാരം നഗരകാര്യഡയറക്ടർ ആവശ്യപ്പെടുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കൊല്ലം നഗരം അഭിമുഖീകരിക്കുന്ന മാലിന്യനിർമ്മാർജ്ജന പ്രവർത്തനങ്ങളുടേയും, പകർച്ച വ്യാധികളുടേയും, കോവിഡ് മഹാമാരിയുടേയും പശ്ചാത്തലത്തിൽ, സാമ്പത്തിക ബാധ്യത നഗരസഭ ഏറ്റെടുക്കണമെന്ന വ്യവസ്ഥയിൽ, കൊല്ലം കോർപ്പറേഷനിൽ 22,200-48,000 എന്ന ശമ്പള സ്കെയിലിൽ, അധികമായി 17 (പതിനേഴ് ) ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II തസ്തികകൾ സൃഷ്ടിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ബിശ്വനാഥ് സിൻഹ**

**പ്രിൻസിപ്പൽ സെക്രട്ടറി**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

സെക്രട്ടറി, കൊല്ലം നഗരസഭ (നഗരകാര്യ ഡയറക്ടർ മുഖേന)

ധനകാര്യവകുപ്പ് (21.10.2020 തീയതിയിലെ DEV-1/206/2020/FIN) നമ്പർ കുറിപ്പ് പ്രകാരം

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

പകർപ്പ് :- 1. ബഹു. തദ്ദേശസ്വയംഭരണവകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി

2. തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പ്രൈവറ്റ് സെക്രട്ടറി

3. പൊതുഭരണ(എസ്.സി) വകുപ്പ് ( ക്യാബിനറ്റ് തീരുമാനം ഇനം നമ്പർ-4385 തീയതി 17.12.2020 പ്രകാരം)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

കൊല്ലം കോർപ്പറേഷന്റെ സുഗമമായ പ്രവർത്തനത്തിന് രണ്ടാം ഗ്രേഡ് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ 17 (പതിനേഴ്) അധിക തസ്തിക സൃഷ്ടിക്കുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2. തൃക്കടവൂർ ഗ്രാമപഞ്ചായത്ത്, കേരളാ സസ്റ്റെയിനബിൾ അർബൻ ഡെവലപ്മെന്റ് പ്രോജക്ട്(കെ.എസ്.യു.ഡി.പി.), കൊല്ലം വികസന അതോറിറ്റി എന്നീ സ്ഥാപനങ്ങൾ കൊല്ലം കോർപ്പറേഷനോട് കൂട്ടിച്ചേർത്തിരുന്നു വെങ്കിലും ഒരു അധിക തസ്തിക പോലും അനുവദിച്ചുനൽകിയിട്ടില്ലായെന്നും ആയതിനാൽ കോർപ്പറേഷനിൽ അധികതസ്തികകൾ അനുവദിക്കണമെന്നും കോർപ്പറേഷന് അനുവദിക്കുന്ന അധികതസ്തികകളുടെ സാമ്പത്തികബാധ്യത കോർപ്പറേഷൻ ഏറ്റെടുത്തുകൊള്ളാമെന്നും ജീവനക്കാരുടെ കുറവ് മൂലം പൊതുജനങ്ങൾക്ക് നൽകേണ്ട സേവനങ്ങൾ യഥാസമയം നൽകാനും നികുതി-നികുതിയേതര വരുമാനങ്ങൾ യഥാസമയം പിരിച്ചെടുക്കാനും സാധിക്കാതെ വരുന്നുണ്ടെന്നും ആയത് കോർപ്പറേഷന്റെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുന്നതായും നഗരകാര്യഡയറക്ടർ റിപ്പോർട്ട് ചെയ്യുന്നു. കൂടാതെ മുൻപ് നഗരസഭ നിർവ്വഹിച്ചുകൊണ്ടിരുന്ന ചുമതലകൾക്ക് പുറമേ കേന്ദ്രസംസ്ഥാന സർക്കാരുകൾ നഗരസഭകളിലൂടെ നടപ്പാക്കി വരുന്ന പുതിയ പദ്ധതികൾ കൂടി നിലവിലെ പരിമിതമായ എണ്ണം ജീവനക്കാരെക്കൊണ്ടാണ് ചെയ്തുവരുന്നതെന്നും ആയതിനാൽ പുതിയ തസ്തികകൾ അനിവാര്യമാണെന്നും ചുവടെ ചേർക്കുന്ന അധിക തസ്തികകൾ അനുവദിക്കണമെന്നും നഗരകാര്യ ഡയറക്ടർ ശുപാർശ ചെയ്തിരുന്നു.

| ക്രമനം | തസ്തികയുടെ പേര് | എണ്ണം |
|---|---|---|
| 1 | പി.എ റ്റു സെക്രട്ടറി | 5 |
| 2 | ഐ.റ്റി ഓഫീസർ | 1 |
| 3 | റവന്യൂ ഓഫീസർ ഗ്രേഡ് 2 | 5 |
| 4 | ഹെൽത്ത് സൂപ്പർവൈസർ | 3 |
| 5 | ലേഡി ഹെൽത്ത് സൂപ്പർവൈസർ | 1 |

| | | |
|---|---|---|
| 6 | സൂപ്രണ്ട് | 9 |
| 7 | ഫെയർ കോപ്പി സൂപ്രണ്ട് | 1 |
| 8 | ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 1 | 5 |
| 9 | ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2 | 11 |
| 10 | ലേഡി ഹെൽത്ത് ഇൻസ്പെക്ടർ | 2 |
| 11 | റവന്യൂ ഇൻസ്പെക്ടർ | 4 |
| 12 | ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ | 12 |
| 13 | സീനിയർ ക്ലർക്ക് | 30 |
| 14 | ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2 | 17 |
| 15 | ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് | 7 |
| 16 | ജെ.സി.ബി, ഓപ്പറേറ്റർ | 2 |
| 17 | എൽ.ഡി.സി./ബിൽ കളക്ടർ | 30 |
| 18 | ടൈപ്പിസ്റ്റ് | 5 |
| 19 | ഡ്രൈവർ(എച്ച്.എം.വി.) | 6 |
| 20 | ഡ്രൈവർ(എൽ.എം.വി.) | 24 |
| 21 | ഓഫീസ് അറ്റൻഡന്റ് | 20 |
| 22 | പി.ബി.എക്സ്. ഓപ്പറേറ്റർ | 1 |
| | **ആകെ** | **201** |

3. മേൽ പുതിയ തസ്തികകൾ കൊല്ലം കോർപ്പറേഷനിൽ അനുവദിക്കുന്നതുമൂലം, പ്രതിമാസം 44,97,240/-രൂപയും(നാല്പത്തി നാല് ലക്ഷത്തി തൊണ്ണൂറ്റി ഏഴായിരത്തി ഇരുനൂറ്റി നാൽപ്പത് രൂപ) പ്രതിവർഷം 6,84,28,800/-രൂപയും (ആറ് കോടി എൺപത്തി നാല് ലക്ഷത്തി ഇരുപത്തിയെട്ടായിരത്തി എണ്ണൂറ് രൂപ) അധിക സാമ്പത്തിക ബാധ്യതയുണ്ടാകുന്നതാണ് എന്ന് നഗരകാര്യ ഡയറക്ടർ റിപ്പോർട്ട് ചെയ്തിരിക്കുന്നു.

4. ഈ വിഷയത്തിൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞപ്പോൾ പ്രസ്തുത വകുപ്പ് ചുവടെ ചേർക്കും പ്രകാരം അഭിപ്രായപ്പെട്ടിരുന്നു.

" നഗരം അഭിമുഖീകരിക്കുന്ന മാലിന്യനിർമ്മാർജ്ജന പ്രവർത്തനങ്ങളുടേയും

പകർച്ച വ്യാധികളുടേയും കോവിഡ് മഹാമാരിയുടേയും പശ്ചാത്തലത്തിൽ നഗരകാര്യഡയറക്ടർ ശുപാർശ ചെയ്യുന്ന തസ്തികകളിൽ, സാമ്പത്തിക ബാധ്യത നഗരസഭ ഏറ്റെടുത്തുകൊള്ളാമെന്ന വ്യവസ്ഥയിലും മന്ത്രിസഭയുടെ അംഗീകാരത്തിന് വിധേയമായും ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-2 ന്റെ 17 അധിക തസ്തിക അടിയന്തരമായി സൃഷ്ടിക്കുന്നതിന് ധനകാര്യ വകുപ്പ് അനുമതി നൽകുന്നു".

5. എന്നാൽ 22200-48000/- രൂപ ശമ്പളസ്കെയിൽ ഉള്ള ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-2-മാരുടെ 17 അധിക തസ്തിക അനുവദിക്കുന്നതുമൂലം പ്രതിമാസം 4,52,880/- രൂപയും ( നാല് ലക്ഷത്തി അമ്പത്തി രണ്ടായിരത്തി എണ്ണൂറ്റി എൺപത് രൂപ) പ്രതിവർഷം 54,34,560/- രൂപയും(അമ്പത്തി നാല് ലക്ഷത്തി മുപ്പത്തി നാലായിരത്തി അഞ്ഞൂറ്റി അറുപത് രൂപ) ബാധ്യതയുണ്ടാകുന്നതാണ് എന്ന് നഗരകാര്യഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

6. ധനകാര്യ വകുപ്പ് അഭിപ്രായപ്പെട്ട പ്രകാരം ഫയൽ ഉത്തരവിനായി ബഹു. മുഖ്യമന്ത്രിക്ക് സമർപ്പിച്ചപ്പോൾ ഇക്കാര്യം "മന്ത്രിസഭാ യോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുക" എന്ന് ഉത്തരവായിട്ടുണ്ട്.

## തീരുമാനിക്കേണ്ട വിഷയം

കൊല്ലം നഗരം അഭിമുഖീകരിക്കുന്ന മാലിന്യനിർമ്മാർജ്ജന പ്രവർത്തനങ്ങളുടേയും, പകർച്ച വ്യാധികളുടേയും, പുതുതായി ഉളവായ കോവിഡ് മഹാമാരിയുടേയും പശ്ചാത്തലത്തിൽ, സാമ്പത്തിക ബാധ്യത നഗരസഭ ഏറ്റെടുക്കണമെന്ന വ്യവസ്ഥയിൽ, കൊല്ലം കോർപ്പറേഷനിൽ രണ്ടാം ഗ്രേഡ് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ 17 (പതിനേഴ്) അധിക തസ്തിക സൃഷ്ടിക്കാമോ ?

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 17-12-2020

ഫയൽ നം. ഇ.യു.2/72/2018/തസ്വഭവ. ഇനം നം: 4385

വിഷയം : തദ്ദേശ സ്വയംഭരണ വകുപ്പ് - കൊല്ലം കോർപ്പറേഷനിൽ രണ്ടാം ഗ്രേഡ് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടറുടെ 17 അധിക തസ്തിക സൃഷ്ടിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. വിശ്വാസ് മേത്ത
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ (അർബൻ) വകുപ്പ്.